**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6304** **20-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്ക് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും ഇതിനായി പ്രത്യേക കോടതികൾ സ്ഥാപിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ളതും പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ കേസുകളുടെ വിചാരണയ്ക്ക് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി മലപ്പുറം-മഞ്ചേരിയിലും, വയനാട്-മാനന്തവാടിയിലും, പാലക്കാട്-മണ്ണാർക്കാട്ടും, കൊല്ലം-കൊട്ടാരക്കരയിലുമായി നാല് സ്പെഷ്യൽ കോടതികൾ പ്രവർത്തിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിൽ സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്.<br><br>സ്പെഷ്യൽ കോടതികൾ ഇല്ലാത്ത ജില്ലകളിൽ അതാത് ജില്ലകളിലെ പ്രിൻസിപ്പൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതികൾ സ്പെഷ്യൽ കോടതികളായി പ്രവർത്തിച്ചുവരുന്നു. |
| (ബി) | പട്ടികജാതിക്കാർക്കായി ഒരു പ്രൊട്ടക്ഷൻ സെൽ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ടോ; നിയമപരമായ സംരക്ഷണത്തിന് മറ്റെന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; ഇത് വഴി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം, 1995-ലെ നിയമം 8-ന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച 04/11/2015-ലെ GO(Rt) No.2821/2015/Home നമ്പർ ഉത്തരവ് പ്രകാരം എസ്.സി/എസ്.ടി പ്രൊട്ടക്ഷൻ സെൽ സംസ്ഥാന പോലീസ് മേധാവിയുടെ കീഴിൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നിയമപരമായ സംരക്ഷണത്തിനായി ചുവടെ ചേർക്കുന്ന സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്.<br><br>പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണത്തിനും മറ്റും പാലക്കാട്, കാസർഗോഡ്, |

വയനാട് എന്നീ ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് (എസ്.എം.എസ്) യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

അതിക്രമങ്ങൾക്കിരയാക്കപ്പെടുന്ന പട്ടികവിഭാഗക്കാർ വാദികളായ കേസുകളിൽ കേസ് രജിസ്റ്റർ ചെയ്താലുടൻ തന്നെ വിക്ടിം ലെയ്സൻ ഓഫീസർമാരെ (VLO) നിയമിച്ചും, നിയമപരമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി District Legal Service Authority യെ അറിയിച്ചും അവർക്കാവശ്യമായ സംരക്ഷണവും മറ്റ് സഹായങ്ങളും നൽകി വരുന്നതുമാണ്. നിയമാനുസരണം ടി വിഭാഗങ്ങൾക്ക് അർഹതപ്പെട്ട സാമ്പത്തിക സഹായം ലഭിക്കുന്നതിലേയ്ക്കായി ടിയാളുകൾ വാദികളായ കേസുകളുടെ എഫ്.ഐ.ആർ, അന്തിമ റിപ്പോർട്ട് എന്നിവയുടെ പകർപ്പുകൾ സമയ ബന്ധിതമായി ജില്ലാ കളക്ടർക്കും, പട്ടികജാതി- പട്ടികവർഗ്ഗ വികസന ഓഫീസുകൾക്കും നൽകി വരുന്നുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന എല്ലാ കേസുകളും അതീവജാഗ്രതയോടെയും കാര്യക്ഷമമായും നീതിയുക്തമായും അന്വേഷണം നടത്തുന്നതിനും എസ്.സി/എസ്.ടി വിഭാഗക്കാർക്ക് നീതി ഉറപ്പ് വരുത്തുന്നതിനുമായി പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശങ്ങൾ നൽകിവരുന്നതും കേസുകളും പരാതികളും സുതാര്യതയോടെ കൈകാര്യം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി സബ് ഡിവിഷൻ തലത്തിലും ജില്ലാ തലത്തിലും പോലീസ് ആസ്ഥാനത്തും സർക്കാർ തലത്തിലും അവലോകനം നടത്തി വരുന്നതുമാണ്. കൂടാതെ കാര്യക്ഷമമായ പട്രോളിംഗ്, ബീറ്റ് ഡ്യൂട്ടി എന്നിവയും ട്രൈബൽ ജനമൈത്രി പദ്ധതിയിലൂടെ ബോധവത്കരണ ക്ലാസുകളും നടത്തി വരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നിയമ പരിരക്ഷ നൽകുക എന്ന ലക്ഷ്യം മുൻനിർത്തി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 'ജ്വാല' (Justice, Welfare and Legal Assistance) എന്ന പേരിൽ നിയമസഹായ സെൽ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ തിരുവനന്തപുരം വെള്ളയമ്പലത്ത് അയ്യങ്കാളി ഭവനിൽ രൂപീകരിച്ചിരിയ്ക്കുന്ന 'ജ്വാല' ലീഗൽ സെല്ലിൽ ഭാഗമായി നിയമിയ്ക്കപ്പെട്ടിരിക്കുന്ന ഒരു ലീഗൽ അഡ്വൈസർ, മൂന്ന് കാൾ സെന്റർ അസിസ്റ്റന്റുമാർ എന്നിവരും ജില്ലാതലത്തിൽ നിയമിതരായിരിയ്ക്കുന്ന 14 ലീഗൽ കൗൺസിലർമാർ

| | | | |
|---|---|---|---|
| | | | എന്നിവരും ഉൾപ്പെടുന്നതാണ് ജ്വാല നിയമ സഹായ സെൽ.<br><br>അതിക്രമങ്ങൾക്കിരയാകുന്ന പട്ടികജാതി വിഭാഗക്കാർക്ക് അടിയന്തിര നിയമ സഹായം ആവശ്യമായി വരുന്ന പക്ഷം കാൾ സെന്ററുമായോ ജില്ല പട്ടികജാതി വികസന ഓഫീസുകളിൽ നിയമിക്കപ്പെട്ടിരിക്കുന്ന ലീഗൽ കൗൺസിലർമാരുമായോ ബന്ധപ്പെടാവുന്നതാണ്. അതിക്രമം തടയൽ നിയമം പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ വിവരങ്ങൾ നിയമസഹായ സെൽ മുഖേന ശേഖരിക്കുകയും ടി കേസുകളുടെ പുരോഗതി റിപ്പോർട്ട് കോടതികളുമായി ബന്ധപ്പെട്ട് തയ്യാറാക്കുകയും നിയമ സഹായം ആവശ്യമായ കേസുകൾക്ക് സൗജന്യ നിയമ സഹായം നൽകുകയും ചെയ്യുന്നതിന് വകുപ്പ് മുഖേന ശ്രമിച്ചുവരുന്നു.<br><br>പട്ടികജാതിക്കാർക്കുള്ള പ്രത്യേക നിയമ പരിരക്ഷകളെക്കുറിച്ച് അവബോധം നൽകുന്നതിനായി നിയമസഹായ സെല്ലിന്റെ നേതൃത്വത്തിൽ വിവിധ ലോകോളേജുകളുമായും ഇതര നിയമ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് നിയമ ബോധവത്കരണ സെമിനാറുകളും പഠന ക്യാമ്പുകളും സംഘടിപ്പിക്കുന്നതിനും പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് നിയമ ക്ലിനിക്കുകൾ നടത്തുന്നതിനുമുള്ള പദ്ധതികൾ വകുപ്പുതലത്തിൽ ആലോചിച്ചുവരുന്നു. |
| (സി) | അതിക്രമങ്ങൾക്ക് ഇരയാകുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആശ്വാസവും പുനരധിവാസവും ലഭ്യമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ? | (സി) | അതിക്രമത്തിനിരയായി ഒറ്റപ്പെടൽ അനുഭവിക്കുന്നവരെ കണ്ടെത്തുന്നതിനും അവർക്ക് ആശ്വാസവും മാനസിക പിന്തുണയും പ്രദാനം ചെയ്ത് സമൂഹത്തിന്റെ ഭാഗമായി തന്നെ നിലനിർത്തുന്നതിനും ലീഗൽ അഡ്വൈസർ, ലീഗൽ കൗൺസിലർ എന്നിവരെ ഇത്തരം ഭവനങ്ങൾ സന്ദർശിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിക്രമങ്ങൾക്ക് ഇരയാകുന്ന പട്ടികജാതിക്കാരുടെ പുനരധിവാസം സാധ്യമാക്കുന്നതിനായി അതിക്രമം തടയൽ നിയമ പ്രകാരമുള്ള സാമ്പത്തികാനുകൂല്യങ്ങൾ വകുപ്പ് മുഖേന അനുവദിച്ചുവരുന്നു. ഇത്തരം കേസുകൾ ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയും പുനരധിവാസം ആവശ്യമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്ന പക്ഷം ഭൂമി, വീട്, ജോലി എന്നിവയിൽ ആവശ്യമായവ അനുവദിച്ചുവരികയും ചെയ്യുന്നു.<br><br>അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണം, കേസുകളുടെ |

| | | | |
|---|---|---|---|
| | | | നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിലായി സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും, മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും, വയനാട് ജില്ലയിലെ മാനന്തവാടിയിലും, കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലും സ്പെഷ്യൽ കോടതികൾ പ്രവർത്തിച്ചുവരുന്നു.<br><br>പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളും, ചൂഷണങ്ങളും തടയുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ ചൂഷണത്തിൽ നിന്നും തടയുക എന്ന ലക്ഷ്യത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാഭ്യാസ ഉന്നമന പദ്ധതികളും സാമൂഹിക, സാമ്പത്തിക ഉന്നമന പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗക്കാർക്കെതിരായ അതിക്രമം തടയൽ നിയമത്തിന്റെ കർശന വ്യവസ്ഥകൾ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ